# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798 29.09.2016-ലെ മറുപടിക്ക്

## എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ തലവരിപ്പണം വാങ്ങിയ സംഭവം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടയം ജില്ലയിലെ എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റ് പ്ലസ് വൺ പ്രവേശനത്തിന് എസ്.എസ്.എൽ.സി.ക്ക് 95% മാർക്ക് വാങ്ങിയ ഒരു കുട്ടിയുടെ രക്ഷിതാവിൽ നിന്നും അൻപതിനായിരം രൂപ തലവരിപ്പണം വാങ്ങി പ്രവേശനം നൽകിയതിനാൽ പ്രസ്തുത തുക തിരികെ വാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ട് മന്ത്രിയ്ക്ക് 5-8-2016 ൽ, No.MLA-PNJR/GP/33/2016-17/dated 5-8-2016/Tvm പ്രകാരം ഒരു എം.എൽ.എ.യുടെ ശുപാർശക്കത്തോടുകൂടി പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുപ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;<br>(സി) ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ബി) & (സി) ഹയർ സെക്കന്ററി പ്രവേശനത്തിന് എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ മാനേജ്മെന്റ് 50,000/- രൂപ കോഴ വാങ്ങിയതായി ആരോപിച്ച് ശ്രീ. സലിം കണ്ണൻകര ശ്രീ. പി.സി.ജോർജ്ജ് എം.എൽ.എ മുഖാന്തിരം സമർപ്പിച്ച പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ; ഹയർ സെക്കന്ററി കോട്ടയം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രവേശനത്തിന് തലവരിപ്പണം ചോദിച്ച് വാങ്ങുന്നതുമൂലം വളരെ നല്ലനിലയിൽ പഠിക്കുന്ന പല കുട്ടികളും ഈ തുക കൊടുത്ത് പഠിക്കുവാൻ മാർഗ്ഗമില്ലാത്തതിനാൽ പഠിത്തം മതിയാക്കി വീട്ടിൽ കഴിയുന്ന ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) | ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ.**